**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2131** **14-10-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിൽ എഫ്.എച്ച്.സി.കളായി ഉയർത്തിയ ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സികളെയാണ് എഫ്.എച്ച്.സി.കളായി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ വോർക്കോടി ബയാർ, പുത്തിഗെ, പെർള, മീഞ്ച, അംഗഡിമൊഗാർ, വാണി നഗർ, ആരിക്കാടി എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. |
| (ബി) | എഫ്.എച്ച്.സി.കളായി ഉയർത്തിയ ആശുപത്രികളിൽ പി.എച്ച്.സിയേക്കാൾ എന്തൊക്കെ അധിക സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ; | (ബി) | ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹൃദപരവുമായ സേവനം ഉറപ്പാക്കുക, ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ഒ പി സമയം വൈകുന്നേരം 6 മണി വരെ ദീർഘിക്കൽ. നഴ്സുമാരുടെ പ്രീചെക്കപ്പ്, എൻ.സി.ഡി ക്ലിനിക്കുകൾ, ശ്വാസ്/ആശ്വാസ് ക്ലിനിക്ക്, ലാബ് സൗകര്യം, ഫാർമസി തുടങ്ങിയ കുടുംബാരോഗ്യങ്ങളിൽ നിന്ന് ലഭ്യമാകുന്നു. കൂടാതെ ആർദ്രം പദ്ധതി പ്രകാരം ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ ഒ പി രജിസ്ട്രേഷൻ കൗണ്ടർ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ്, പ്രീ ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശം നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, കുടിവെള്ള വിതരണം , ദിശാബോർഡ്, പബ്ലിക് അഡ്രസ്സ് സിസ്റ്റം എന്നിവ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സേവനങ്ങൾ മഞ്ചേശ്വരം മണ്ഡലങ്ങളിലെ ആശുപത്രികളിൽ നിലവിൽ ലഭ്യമാണോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | മേൽ സൂചിപ്പിച്ചിട്ടുള്ള സൗകര്യങ്ങൾ കുടുംബാരോഗ്യകേന്ദ്രളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളവയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ